തിരുവനന്തപുരം സിറ്റി പോലീസ്

പത്രക്കുറിപ്പ്

# കോവിഡ്-19

# ഓഫീസുകളിൽ കോവിഡ് ജാഗ്രത കർശനമായി പാലിക്കണം

## വിലക്ക് ലംഘനം: 24 പേർക്കെതിരെ കേസ്. മാസ്ക് ധരിക്കാത്ത 85 പേർക്കെതിരെയും സാമൂഹിക അകലം പാലിക്കാത്ത 10 പേർക്കെതിരെയും നിയമ നടപടി 19,000/- രൂപ പിഴ ഈടാക്കി.

തിരുവനന്തപുരം:- കോവിഡ് രോഗവ്യാപനം ഓഫീസുകളിലും മറ്റ് തൊഴിൽ സ്ഥാപനങ്ങളിലും ദിനംപ്രതി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ജീവനക്കാർ കർശനമായ കോവിഡ് സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണെന്ന് ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. അതേസമയം തലസ്ഥാനത്ത് കോവിഡ് -19 സുരക്ഷാ നിരീക്ഷണത്തിന്റെ ഭാഗമായി സിറ്റി പോലീസ് ഇന്നലെ (21-09-2020) നടത്തിയ പരിശോധനയിൽ രോഗവ്യാപനം ഉണ്ടാകുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 24 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരം കേസെടുത്തതായും കമ്മീഷണർ അറിയിച്ചു.

## ഓഫീസുകളിൽ കോവിഡ് ജാഗ്രത കർശനമായി പാലിക്കണം

കോവിഡ് രോഗ വ്യാപനം ഓഫീസുകളിലും മറ്റ് തൊഴിൽ സ്ഥാപനങ്ങളിലും ദിനംപ്രതി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ജീവനക്കാർ കർശനമായ കോവിഡ്

സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്. ഓഫീസുകളിലും തൊഴിൽ സ്ഥാപനങ്ങളിലും പരമാവധി സാമൂഹ്യ അകലം പാലിച്ചു കൊണ്ടും, പരസ്പരസമ്പർക്കം വളരെ കുറച്ചു കൊണ്ടും ആയിരിക്കണം ജോലിയിൽ ഏർപ്പെടേണ്ടത്. എല്ലാവരും നിർബന്ധമായും മാസ്കുകൾ ധരിക്കേണ്ടതും സാനിറ്റൈസർ ഉപയോഗിക്കേണ്ടതുമാണ്. പരസ്പരം ആഹാരസാധനങ്ങൾ ഷെയർ ചെയ്യുന്നതും, കൂട്ടം ചേർന്ന് ആഹാരസാധനങ്ങൾ കഴിക്കുന്നതും ഒഴിവാക്കേണ്ടതാണ്. ഏതെങ്കിലും ആളുകൾക്ക് കോവിഡ് രോഗലക്ഷണങ്ങൾ കാണിക്കുകയാണെങ്കിൽ അവർ മറ്റുള്ളവരിൽ നിന്നും നിർബന്ധമായും അകലം പാലിക്കേണ്ടതും യഥാസമയം പരിശോധന നടത്തേണ്ടതുമാണ്. ഓഫീസുകളും പൊതുസ്ഥാപനങ്ങളും പരമാവധി ശുചീകരണം നടത്തി നിശ്ചിത ഇടവേളകളിൽ അണുവിമുക്തമാക്കേണ്ടതാണ്. സന്ദർശകർക്ക് പ്രത്യേകം സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതുമാണ്.

## കോവിഡ് സുരക്ഷ–കേസ് വിവരം

തലസ്ഥാനത്ത് കോവിഡ് –19 സുരക്ഷാ നിരീക്ഷണത്തിന്റെ ഭാഗമായി സിറ്റി പോലീസ് ഇന്നലെ (21-09-2020) നടത്തിയ പരിശോധനയിൽ രോഗവ്യാപനം ഉണ്ടാകുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 24 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരം കേസെടുത്തു. മാസ്ക് ധരിക്കാത്ത 85 പേരിൽ നിന്നും, സാമൂഹിക അകലം പാലിക്കാത്ത 10 പേരിൽ നിന്നുമായി 19,000/- രൂപ പിഴ ഈടാക്കുകയും ചെയ്തു. സുരക്ഷാ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ യാത്ര നടത്തിയ 4 വാഹനങ്ങൾക്കെതിരെയും ഇന്നലെ നിയമ നടപടി സ്വീകരിച്ചു.

കോവിഡ് സമ്പർക്ക വ്യാപനം ദിനംപ്രതി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ തലസ്ഥാനത്തെ കണ്ടയിൻമെന്റ് സോണുകളിൽ അതിർത്തികൾ അടച്ചുകൊണ്ടുള്ള പോലീസ് നിരീക്ഷണവും പരിശോധനയും രാത്രിയും പകലും ശക്തമായി തുടരും. സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി പോലീസ് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളോട് പൊതുജനങ്ങൾ പൂർണ്ണമായും സഹകരിക്കണം. രോഗവ്യാപനം തടയുന്നതിനായി ജാഗ്രതാ നിർദേശങ്ങൾ എല്ലാപേരും പാലിക്കണമെന്നും, വിലക്ക് ലംഘനം നടത്തുന്നവർക്കെതിരെ വിട്ടുവീഴ്ചയില്ലാതെ നിയമ നടപടികൾ സ്വീകരിക്കുമെന്നും സിറ്റി പോലീസ് കമ്മീഷണർ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു.

തിരുവനന്തപുരം സിറ്റി

21-09-2020

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

21/09/20

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം സിറ്റി